**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **23-08-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 2020 ജനുവരി 1 മുതൽ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.<br>2019-20 : NIL<br>2020-21 : 260.05 കോടി രൂപ<br>2021-22 : 25.2397 കോടി രൂപ (സർവ്വീസ് ചാർജ് ഉൾപ്പെടെ)<br>2022-23 : 5.51 കോടി രൂപ (സർവ്വീസ് ചാർജ് ഉൾപ്പെടെ)<br>മേൽപ്പറഞ്ഞ തുകകൾ കോർപ്പറേഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത തുകയിൽ എത്ര കോടി രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ നാളിതുവരെ ഉപയോഗപ്പെടുത്തി എന്നും എത്ര തുകയുടെ ബില്ലുകൾ നാഷണൽ ഹെൽത്ത് മിഷന് സമർപ്പിച്ചു എന്നും വ്യകതമാക്കാമോ; | (ബി) | കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.<br>2019-20 : NIL<br>2020-21 : 260.05 കോടി രൂപ<br>2021-22 : 25.2397 കോടി രൂപ (സർവ്വീസ് ചാർജ് ഉൾപ്പെടെ)<br>2022-23 : 5.51 കോടി രൂപ (സർവ്വീസ് ചാർജ് ഉൾപ്പെടെ) |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ തുകകൾ കോർപ്പറേഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. |
| (സി) | നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയ തുകയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | നാഷണൽ ഹെൽത്ത് മിഷൻ നൽകിയ തുകയിൽ നിന്നും 60,02,62,743/- രൂപ പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ചെലവഴിച്ചു. |
| (ഡി) | സാൻ ഫാർമ എന്ന കമ്പനിയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയത് നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽ നിന്നും ആയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സാൻ ഫാർമ എന്ന കമ്പനിയിൽ നിന്നും പി.പി.ഇ. കിറ്റുകൾ വാങ്ങിയതിനുള്ള തുക പൂർണ്ണമായും നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽ നിന്നല്ല വിനിയോഗിച്ചിട്ടുള്ളത്. |
| (ഇ) | എങ്കിൽ സാൻ ഫാർമ കമ്പനിയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങുവാൻ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിൽ നിന്നും എത്ര തുക ഉപയോഗപ്പെടുത്തി എന്ന് വ്യക്തമാക്കാമോ? | (ഇ) | സാൻ ഫാർമ എന്ന കമ്പനിയ്ക്ക് 04/06/2020 ൽ 15,99,990/- രൂപ നൽകിയത് നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ